## **ജനസമ്പർക്കപരിപാടി ഡിസംബർ 21ന് രാവിലെ 5:20ന് അവസാനിച്ചു.**

കോട്ടയത്ത് ഡിസംബർ 20ന് രാവിലെ 9:30ന് ആരംഭിച്ച ജനസമ്പർക്കപരിപാടി അടുത്ത ദിവസംരാവിലെ 5:20ന് അവസാനിച്ചു. അവസാനത്തെ അപേക്ഷയേയും പരിഗണിച്ചതിനുശേഷമാണ് ജനസമ്പർക്കപരിപാടി അവസാനിപ്പിച്ചത്. ജനസമ്പർക്കപരിപാടിയിൽ ലഭിച്ച എല്ലാ അപേക്ഷകൾക്കും പരിഹാരം കാണുമെന്നും തുടർനടപടികൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സമാപനപ്രസംഗത്തിൽ പറഞ്ഞു.

സമാപനസമ്മേളനത്തിൽ റവന്യൂ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കേരളത്തിലെ ഇതുവരെ നടന്ന ജനസമ്പർക്കപരിപാടികളിൽ സംഘാടനം കൊണ്ട് മികച്ചു നിന്നത് കോട്ടയത്തെ പരിപാടിയെണന്ന് അദ്ദേഹം പറഞ്ഞു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്– സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാ വി. നായർ, മുനിസിപ്പൽ ചെയർമാൻ സണ്ണി കല്ലൂർ എന്നിവർ ആശംസകളും ജില്ലാ കളക്ടർ മിനി ആന്റണി നന്ദിയും പറഞ്ഞു.

## **ജനസമ്പർക്കപരിപാടി: സംഘാടന മികവിന് ജില്ലാ കളക്ടർക്ക് അഭിനന്ദനം**

സംസ്ഥാനത്ത് ഇതുവരെ നടന്ന ജനസമ്പർക്കപരിപാടികളിൽ സംഘാടനമികവിലും തയ്യാറെടുപ്പിലും നടത്തിപ്പിലും ഏറ്റവും മികച്ചു നിന്ന കോട്ടയത്തെ ജനസമ്പർക്കപരിപാടി സംഘടിപ്പിച്ച ജില്ലാ ഭരണകൂടത്തിനെ മുഖ്യമന്ത്രിയും മന്ത്രിമാരും അഭിനന്ദിച്ചു. ഇത്രയും ഭംഗിയായും ചിട്ടയായും പരിപാടി സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ ജില്ലാ കളക്ടർ മിനി ആന്റണിക്കും ജില്ലാ പോലീസ് മേധാവി സി. രാജഗോപാലിനും ഉദ്യോഗസ്ഥ വൃന്ദത്തിനും മന്ത്രിമാരുടെ അഭിനന്ദനം ലഭ്യമായി. പരിപാടിയിൽ പങ്കെടുക്കാൻ വന്ന ജനങ്ങളുടെ അച്ചടക്കം പരിപാടിയുടെ വിജയത്തിന് മറ്റൊരു ഘടകമായതായും മന്ത്രിമാർ പറഞ്ഞു.